## പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ ഒന്നാം വർഷ, രണ്ടാം വർഷ പരീക്ഷകൾ പാസ്സായിട്ടുള്ള വിദ്യാർത്ഥികൾക്ക് പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

### അപേക്ഷിക്കേണ്ട വിധം

പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾ അപേക്ഷയിൽ ഒരു ഫോട്ടോ പതിക്കേണ്ടതും അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകളുടെ പകർപ്പുകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. **(അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന എല്ലാ രേഖകളിലും, അപേക്ഷയിൽ പതിച്ചിട്ടുള്ള ഫോട്ടോയിലും നിർബന്ധമായും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം)**

- SSLC/10th സർട്ടിഫിക്കറ്റ്
- പ്ലസ് 2 സർട്ടിഫിക്കറ്റ്
- ഇതുവരെ എഴുതിയിട്ടുള്ള DHIC പരീക്ഷകളുടെ ഹാൾ ടിക്കറ്റുകൾ
- ഇതുവരെ എഴുതിയിട്ടുള്ള DHIC പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകൾ
- ഡിപ്ലോമ സർട്ടിഫിക്കറ്റ്

അപേക്ഷ ഫോറം തെറ്റ് കൂടാതെ കൃത്യതയോടെ പൂരിപ്പിച്ച്, ഗവൺമെന്റ് പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ നേരിട്ടോ/തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

****ഇത് കൂടാതെ പേരും ജനന തീയതിയും പ്രിന്റ് ചെയ്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ അപേക്ഷയോടൊപ്പം പ്രത്യേകമായി ഉള്ളടക്കം ചെയ്യേണ്ടതുമാണ്.**

### പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള ഫീസ്

പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള ഫീസ് 500 രൂപയാണ്. ആയത് സെക്രട്ടറി, പാരാമെഡിക്കൽ കാൺസിലിന്റെ അക്കൗണ്ടിലേക്ക് )Account No. 57036990991, SBI - തിരുവനന്തപുരം മെയിൻ ബ്രാഞ്ച്, IFSC - SBIN0070028) ബാങ്കിൽ നേരിട്ട് ഒടുക്കിയ ശേഷം, ആയതിന്റെ ഒറിജിനൽ കൗണ്ടർഫോയിലിൽ ജേണൽ നമ്പർ/ട്രാൻസാക്ഷൻ റെഫറൻസ് നമ്പർ ബാങ്കിൽ നിന്ന് എഴുതി വാങ്ങേണ്ടതും ആയതിന്റെ അസ്സൽ അതാത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

****ഗൂഗിൾ പേ മുഖേന പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള ഫീസ് ഒടുക്കുന്നത് സ്വീകാര്യമല്ല.**

** കൗണ്ടർഫോയിലിൽ ജേണൽ നമ്പർ/ട്രാൻസാക്ഷൻ റെഫറൻസ് നമ്പർ ബാങ്കിൽ നിന്ന് എഴുതി വാങ്ങിയിട്ടില്ലാത്തതും, ആയതിന്റെ അസ്സൽ കൗണ്ടർഫോയിൽ ഇല്ലാതെ സമർപ്പിക്കുന്ന അപേക്ഷകളും, പേരും ജനന തീയതിയും പ്രിന്റ് ചെയ്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ ഉള്ളടക്കം ചെയ്തിട്ടില്ലാത്തതും അപൂർണ്ണം ആയിട്ടുള്ള ഒരു അപേക്ഷകളും സ്വീകരിക്കുന്നതല്ല.

PRINCIPAL
Govt. Public Health Training Centre
Thiruvananthapuram

## <u>മാർക്ക് ലിസ്റ്റ്</u>

ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ ഒന്നും രണ്ടും വർഷ റഗുലർ & റീഅപ്പിയറൻസ് വാർഷിക പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ ഒടുക്കുന്ന ഫീസിൽ മാർക്ക് ലിസ്റ്റ്-ന് 50/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. ഫീസ് ഘടന ചുവടെ ചേർക്കുന്നു.

1. അപേക്ഷ ഫോം ഫീസ് - 10/- രൂപ
2. പരീക്ഷ ഫീസ്:

എ) റെഗുലർ - ഓരോ പേപ്പറിനും ഫീസ് 150/- രൂപ വീതം

ബി) റീ അപ്പിയറൻസ് - ഓരോ പേപ്പറിനും ഫീസ് 200/- രൂപ വീതം

3. മാർക്ക് ലിസ്റ്റ് 50/- രൂപ (റഗുലർ, റീഅപ്പിയറൻസ് പരീക്ഷകൾക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ഓരോ വർഷത്തെയും മാർക്ക് ലിസ്റ്റിന് പ്രത്യേകമായി 50/- രൂപ വീതം ഫീസ് അടയ്ക്കേണ്ടതാണ്.)

**<u>അപേക്ഷിക്കേണ്ട വിധം</u>**

മാർക്ക് ലിസ്റ്റിന് പ്രത്യേകമായി അപേക്ഷ സമർപ്പിക്കേണ്ടതില്ല.

**<u>മാർക്ക് ലിസ്റ്റ് നൽകുന്ന വിധം</u>**

പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ച ശേഷം,

റീവാല്യുവേഷന് അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ ഒഴികെയുള്ളവർക്ക് റീവാല്യുവേഷന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിക്ക് ശേഷം ഓരോ സ്ഥാപനത്തിലേയും വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റ് ഒന്നിച്ച് അതാത് സ്ഥാപനമേധാവി മുഖേന അനുവദിക്കുന്നതാണ്.

റീവാല്യുവേഷന് അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് റീവാല്യുവേഷൻ നടത്തി റിസൾട്ട് പ്രസിദ്ധീകരിച്ച ശേഷം മാത്രം ഓരോ സ്ഥാപനത്തിലേയും വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റ് ഒന്നിച്ച് അതാത് സ്ഥാപനമേധാവി മുഖേന അനുവദിക്കുന്നതാണ്.

** പരീക്ഷ എഴുതുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും മാർക്ക് ലിസ്റ്റ് (വിജയിച്ചവർക്കും, പരാജയപ്പെട്ടവർക്കും) അതാത് സ്ഥാപനമേധാവി മുഖേന അനുവദിക്കുന്നതാണ്.

PRINCIPAL
Govt. Public Health Training Centre
Thiruvananthapuram

## ഡിപ്ലോമ സർട്ടിഫിക്കറ്റ്

ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ വാർഷിക പൊതു പരീക്ഷകളിൽ ഒന്നാം വർഷത്തേയും, രണ്ടാം വർഷത്തേയും എല്ലാ വിഷയങ്ങളും (തിയറിക്ക് 50 മാർക്കിൽ കുറയാതെയും, വൈവ-വോസി പരീക്ഷകൾക്ക് 20 മാർക്കിൽ കുറയാതെയും, പ്രാക്ടിക്കൽ പരീക്ഷകൾക്ക് 5 മാർക്കിൽ കുറയാതെയും മാർക്ക് നേടിയിട്ടുള്ളവർ) പാസ്സായിട്ടുള്ള വിദ്യാർത്ഥികൾക്ക് നേരിട്ടോ/അതാത് സ്ഥാപനം മുഖേനയോ ഡിപ്ലോമ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

### അപേക്ഷിക്കേണ്ട വിധം

ഡിപ്ലോമ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകളുടെ പകർപ്പുകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. **(അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകൾ എല്ലാം നിർബന്ധമായും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് ആയിരിക്കണം)**

- SSLC/10th സർട്ടിഫിക്കറ്റ്
- പ്ലസ് 2 സർട്ടിഫിക്കറ്റ്
- ഇതുവരെ എഴുതിയിട്ടുള്ള DHIC പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകൾ
- ഇതുവരെ എഴുതിയിട്ടുള്ള DHIC പരീക്ഷകളുടെ ഹാൾ ടിക്കറ്റുകൾ
- ആധാറിന്റെ പകർപ്പ്

അപേക്ഷ ഫോറം തെറ്റ് കൂടാതെ കൃത്യതയോടെ പൂരിപ്പിച്ച് അപേക്ഷകൾ ഗവൺമെന്റ് പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ ലഭിക്കത്തക്കവിധം നേരിട്ടോ/തപാൽ മുഖേനയോ/അതാത് സ്ഥാപനങ്ങൾ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

### ഡിപ്ലോമ സർട്ടിഫിക്കറ്റിനുള്ള ഫീസ്

ഡിപ്ലോമ സർട്ടിഫിക്കറ്റിനുള്ള ഫീസ് 100 രൂപയാണ്. ആയത് സെക്രട്ടറി, പാരാമെഡിക്കൽ കൗൺസിലിന്റെ അക്കൗണ്ടിലേക്ക് (Account No. 57036990991, SBI - തിരുവനന്തപുരം മെയിൻ ബ്രാഞ്ച്, IFSC - SBIN0070028) ബാങ്കിൽ നേരിട്ട് ഒടുക്കിയ ശേഷം, ആയതിന്റെ ഒറിജിനൽ കൗണ്ടർ- ഫോയിലിൽ ജേണൽ നമ്പർ/ട്രാൻസാക്ഷൻ റെഫറൻസ് നമ്പർ ബാങ്കിൽ നിന്ന് എഴുതി വാങ്ങേണ്ടതും ആയതിന്റെ **അസ്സൽ** അതാത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

**** ഗൂഗിൾ പേ/UPI മുഖേന ഡിപ്ലോമ സർട്ടിഫിക്കറ്റിനുള്ള ഫീസ് ഒടുക്കുന്നത് സ്വീകാര്യമല്ല.**

** കൗണ്ടർഫോയിലിൽ ജേണൽ നമ്പർ/ട്രാൻസാക്ഷൻ റെഫറൻസ് നമ്പർ ബാങ്കിൽ നിന്ന് എഴുതി വാങ്ങിയിട്ടില്ലാത്തതും, ആയതിന്റെ അസ്സൽ കൗണ്ടർഫോയിൽ ഇല്ലാതെ സമർപ്പിക്കുന്ന അപേക്ഷകളും, അപൂർണ്ണം ആയിട്ടുള്ളതുമായ ഒരു അപേക്ഷകളും സ്വീകരിക്കുന്നതല്ല.

PRINCIPAL
Govt. Public Health Training Centre
Thiruvananthapuram